പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം: **458**

01.07.2013 ൽ മറുപടിയ്ക്ക്

## സീനിയർ സിറ്റിസൺസ് ബ്യൂറോ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>" അൻവർ സാദത്ത്<br>" എ.റ്റി. ജോർജ്<br>" വി.ഡി. സതീശൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സീനിയർ സിറ്റിസൺസ് ബ്യൂറോ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരളാ പോലീസിൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ സ്കീം. ഇതിന്റെ ഭാഗമായി 14 ജില്ലകളിൽ ജില്ലാ പോലീസ് ഓഫീസ് സമുച്ചയത്തോടൊപ്പം സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മുതിർന്ന പൗരന്മാരെ സഹായിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ബ്യൂറോയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സീനിയർ സിറ്റിസൺ ബ്യൂറോ "ഹെൽപ്പ് ലൈൻ" വഴി സ്വീകരിക്കുന്ന പരാതികളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ്, റവന്യൂ വകുപ്പ്, NGO കൾ എന്നിവയുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ, മുതിർന്ന പൗരന്മാരുടെ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിന് മെഡിക്കൽ & ആംബുലൻസ് സർവ്വീസുകളെ ഉൾക്കൊള്ളിച്ച് ഒരു ഡാറ്റബാങ്ക് ആരംഭിക്കുന്നതിനും Maintenance and Welfare of |

Parents and Senior Citizens Act & Rules ബ്യൂറോകൾ വഴി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ, എല്ലാ പോലീസ് സ്റ്റേഷനുകളിലും മേൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓരോ "ഹെൽപ്പ് ഡെസ്ക് " ആരംഭിച്ച് പ്രവർത്തനം നടന്നുവരുന്നുണ്ട്.

(സി) എവിടെയൊക്കെയാണ് ഇത്തരം ബ്യൂറോകൾ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

(സി) & (ഡി) സംസ്ഥാനതലത്തിലും, ജില്ലാ തലത്തിലും ബ്യൂറോകൾ പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ